"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/2538/2024-G3 തീയതി: 03-07-2024

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് ഓഗസ്റ്റ് 2024– വാർഷിക സമ്പ്രദായം– (റഗുലർ) 2022- 2024 ദ്വിവത്സര എസ്.സി.വി.റ്റി ട്രേഡിൽ അഡ്മിഷൻ എടുത്ത രണ്ടാം വർഷ ട്രെയിനികളിൽ നിന്നും,2023-2025 ദ്വിവത്സര എസ്.സി.വി.റ്റി ട്രേഡിൽ അഡ്മിഷൻ എടുത്ത ഒന്നാം വർഷ ട്രെയിനികളിൽ നിന്നും, 2023- 2024 ഏകവൽസര എസ്.സി.വി.റ്റി ട്രേഡിൽ അഡ്മിഷൻ എടുത്ത ട്രെയിനികളിൽ നിന്നും,(വാർഷിക സമ്പ്രദായം)റഗുലർ പരീക്ഷകൾക്കായി അപേക്ഷ ക്ഷണിക്കുന്നു.

***********

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ എസ്.സി.വി.റ്റി അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ 2022 - 2024 ദ്വിവത്സര ട്രേഡിൽ അഡ്മിഷൻ എടുത്ത രണ്ടാം വർഷ ട്രെയിനികളിൽ നിന്നും,2023-2025 ദ്വിവത്സര എസ്.സി.വി.റ്റി ട്രേഡിൽ അഡ്മിഷൻ എടുത്ത ഒന്നാം വർഷ ട്രെയിനികളിൽ നിന്നും,2023-2024 ഏകവൽസര ട്രേഡിൽ അഡ്മിഷൻ എടുത്ത ട്രെയിനികളിൽ നിന്നും (വാർഷിക സമ്പ്രദായം) റഗുലർ പരീക്ഷകൾക്കായി നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

റഗുലർ പരീക്ഷകളുടെ അപേക്ഷാ ഫീസ് 110/- രൂപയാണ്. “0230-ലേബർ ആന്റ് എംപ്ലോയ്മെന്റ് – 00-800-അദർ റസീപ്റ്റ്സ് -88-അദർ ഐറ്റംസ് “ എന്ന ശീർഷകത്തിൽ 110/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ, അപേക്ഷയുടെ രണ്ട് പകർപ്പുകൾ, എസ്.എസ്.എൽ.സിയുടെ പകർപ്പ് എന്നിവ സഹിതം **05/07/2024**-ന് വൈകുന്നരം **5.00** മണിയ്ക്ക് മുമ്പായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്. 60/- രൂപ ഫൈനോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **07/07/2024** ആണ്.

നിശ്ചിത തീയതിയ്ക്കകം ലഭിയ്ക്കാത്തതും അപൂർണ്ണമായതും അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതും ചെലാന്റെ അസ്സൽ ഇല്ലാത്തതുമായ അപേക്ഷകൾ നിരുപാധികം സ്ഥാപനമേധാവികൾ നിരസിക്കേണ്ടതാണ്.ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട സ്ഥാപനമേധാവി പരിശോധിച്ച് അർഹത ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തണം.

Signed by
Mini Mathew
Date: 03-07-2024 16:05:10

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

**സെക്രട്ടറി,സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്**

To

എല്ലാ സർക്കാർ/എസ്.സി.ഡി.ഡി/എസ്.ടി.ഡി.ഡി

ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ്:- 1. ഡി.റ്റി യുടെ സി.എ/എ.ഡി.റ്റി/സ്പെഷ്യൽ

ഓഫീസർ (എസ്.റ്റി.ഐ), എസ്.ഡി.പി), (എസ്.പി.ഐ.യു),

ജെ.ഡി.റ്റി/ജെ.ഡി (ആർ.ജെ.ഡി കണ്ണൂർ)

2. ഡി.എസ്.എ, ഡി.ഡി.റ്റി, ഡി.ഡി.പി, എല്ലാ

ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർക്കും,റ്റി.റ്റി.ഒ, എല്ലാ

ട്രെയിനിംഗ് ഓഫീസർമാർക്കും, എസ്.എസ്(ജി),

കരുതൽഫയൽ (ജി)

3. വകുപ്പ് വെബ്സൈറ്റിലേയ്ക്ക്

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/2538/2024-G3 തീയതി: 03-07-2024

**നിർദ്ദേശങ്ങൾ**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് ഓഗസ്റ്റ് 2024 – വാർഷിക സമ്പ്രദായം – റഗുലർ – ട്രെയിനികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുമ്പോൾ പ്രിൻസിപ്പാൾമാർ കൈക്കൊള്ളേണ്ട നടപടിക്രമങ്ങൾ അറിയിക്കുന്നത് – സംബന്ധിച്ച്.

**********

ട്രെയിനികൾ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ ശിപാർശ ചെയ്യുന്നതിന് മുൻപ് താഴെപ്പറയുന്ന നടപടിക്രമങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ/നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ടതാണ്.

- നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിയ്ക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കാവൂ.
- ടി ട്രെയിനി എസ്.സി.വി.റ്റി സ്കീമിൽ അഡ്മിഷൻ നേടിയിട്ടുള്ള ട്രേഡിൽ പഠിക്കുന്ന ട്രെയിനി ആണോയെന്ന് ഉറപ്പാക്കേണ്ടതാണ്.
- അപേക്ഷ സമർപ്പിയ്ക്കുന്ന സമയം ടി ട്രെയിനി പരിശീലന കാലയളവിൽ 80% ഹാജർ നേടിയിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.എന്നാൽ DGTയുടെ ഉത്തരവ്(MSDE -19/01/2017 -CD Dtd 5 july 2017 ) പ്രകാരം Medical Emergency കേസുകളിൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് 10 % relaxation മിനിമം അറ്റൻഡൻസിൽ നൽകാം എന്നറിയിച്ചിട്ടുണ്ട്(ഉത്തരവിന്റെ പകർപ്പ് അറ്റാച്ച് ചെയ്യുന്നു).എന്നാൽ ഇത്തരത്തിൽ relaxation അനുവദിക്കുകയാണെങ്കിൽ ആയതിന്റെ അസ്സൽ രേഖകളും ഫയൽ നോട്ടുകളും നിർബന്ധമായും ഐ ടി ഐ യിൽ സൂക്ഷിക്കേണ്ടതാണ്.
- അപേക്ഷയിൽ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ട്രെയിനികൾ പൂരിപ്പിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.

- ട്രെയിനികളിൽ നിന്നും ലഭിയ്ക്കുന്ന അപേക്ഷകൾ അതാത് ഐ.ടി.ഐകളിൽ സൂക്ഷിക്കുകയും പരീക്ഷാ വിഭാഗത്തിൽ നിന്നുള്ള തുടർ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.
- ട്രെയിനികളുടെ ഫോർമേറ്റീവ് അസ്സെസ്സ്മെന്റ് മാർക്ക്,ഹാജർ ശതമാനം,ഫീസ് പെയ്മെന്റ് സ്റ്റാറ്റസ് എന്നിവ 05 / 08 / 2024 തീയതിക്കകം EMS പോർട്ടലിൽ അതാതു പ്രിൻസിപ്പാൾമാർ രേഖപ്പെടുത്തിയിരിക്കണം.
- 80% ഹാജർ,മിനിമം ഫോർമേറ്റീവ് അസ്സെസ്സ്മെന്റ് മാർക്ക് 60% ഉം ഫീ സ്റ്റാറ്റസ് EMS പോർട്ടലിൽ 'Yes' എന്ന് രേഖപ്പെടുത്തിയതുമായ ട്രെയിനികളെ മാത്രമേ പരീക്ഷക്ക് അപേക്ഷിക്കാൻ അനുവദിക്കാവൂ.
- ട്രെയിനികൾ അപേക്ഷകൾ സമർപ്പിക്കുന്ന സമയത്ത് EMS പോർട്ടൽ ലോഗിൻ ചെയ്ത് മേൽപ്പടി ട്രെയിനികളുടെ പ്രൊഫൈൽ,ട്രെയിനി അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന എസ് എസ് എൽ സി പകർപ്പുമായി ഒത്തു നോക്കി തെറ്റുകൾ ഒന്നും സംഭവിച്ചിട്ടില്ലായെന്ന് പ്രിൻസിപ്പാൾമാർ ഉറപ്പ് വരുത്തേണ്ടതാണ്.ഏതെങ്കിലും കാരണവശാൽ തെറ്റ് കണ്ടെത്തിയാൽ ആയത് സംഭവിക്കാനിടയായ കാരണമുൾപ്പടെയുള്ള കത്ത്, deputydirectoroftraining@gmail.com എന്ന മെയിൽ ഐ ഡിയിൽ അയച്ച് തരേണ്ടതാണ്.

## അനുബന്ധം – 1

ഐ.ടി.ഐയുടെ പേര് :

വർഷം: ഒന്ന് (റഗുലർ)

രണ്ട് (റഗുലർ)

| ക്രമ നം. | ട്രെയിനിയുടെ പേര് | ട്രേഡ് | ചെലാൻ നമ്പർ/ട്രെഷറിയുടെ പേര് | തുക |
|---|---|---|---|---|
| | | | | |
| | | | | |

ഓഫീസ് മുദ്ര:

പ്രിൻസിപ്പാളിന്റെ ഒപ്പ് :

ഔദ്യോഗിക പേര് :

ഔദ്യോഗിക മേൽവിലാസം :

തീയതി :

സ്ഥലം :

**പരിശോധനാ സർട്ടിഫിക്കറ്റ്**

മുകളിൽ പറഞ്ഞിട്ടുള്ള ട്രെയിനികളുടെ അപേക്ഷകൾ ഡയറക്ടറേറ്റിൽ നിന്ന് അറിയിച്ചിട്ടുള്ള നിർദ്ദേശ പ്രകാരം സൂക്ഷ്മമായി പരിശോധിക്കുകയും എല്ലാ വിവരങ്ങളും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി ട്രെയിനികളെ ഒന്നാം വർഷ(റഗുലർ)/രണ്ടാം വർഷ(റഗുലർ)പരീക്ഷയിൽ പങ്കെടുക്കുന്നതിന് അനുമതി നൽകാമെന്ന് ശിപാർശ ചെയ്യുന്നു.

(ഓഫീസ് മുദ്ര)

പ്രിൻസിപ്പാളിന്റെ ഒപ്പ്

ഔദ്യോഗിക പേര് :

ഔദ്യോഗിക മേൽവിലാസം :

തീയതി :

സ്ഥലം :

**സമ്മതപത്രം**

ഹാജർ തികയാത്ത കാരണത്താൽ എനിക്ക് ഹാൾ ടിക്കറ്റ് ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടായാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം എനിക്ക് മാത്രമായിരിക്കും എന്ന് സാക്ഷ്യപ്പെടുത്തുന്നു.

എന്ന്

ഒപ്പ് :

അപേക്ഷകന്റെ പേര് :

ട്രേഡ് :

ഐ.ടി.ഐയുടെ പേര് :

തീയതി:

സ്ഥലം :

ബന്ധപ്പെട്ട ഇൻസ്ട്രക്ടറുടെ പേര് :

ഔദ്യോഗിക മേൽവിലാസം :

ഒപ്പ് :

ബന്ധപ്പെട്ട ഗ്രൂപ്പ് ഇൻസ്ട്രക്ടറുടെ പേര് :

ഔദ്യോഗിക മേൽവിലാസം :

ഒപ്പ് :

ടി മേലൊപ്പ് ചാർത്തിയ സമ്മതപത്രം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അപേക്ഷയോടൊപ്പം ട്രെയിനികളിൽ നിന്ന് വാങ്ങി ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. ഡയറക്ടറേറ്റിൽ നിന്ന് ആവശ്യപ്പെട്ട മുറയ്ക്ക് ടി രേഖകൾ ഹാജരാക്കേണ്ടതാണ്.

ടി വിവരങ്ങൾ ലഭിച്ചാൽ മാത്രമേ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ട്രെയിനിയ്ക്ക് ടി വിവരങ്ങൾ ലഭിക്കാത്ത കാരണത്താൽ ഹാൾടിക്കറ്റ് അനുവദിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ഇതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മാത്രമായിരിക്കും എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ട്രെയിനികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ രേഖപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ അറിയിക്കുന്നതായിരിക്കും. ട്രെയിനികളുടെ അപേക്ഷകൾ ഓൺലൈൻ മുഖാന്തിരം 08/07/2027-ന് വൈകുന്നേരം 5 മണിക്ക് മുൻപായി രേഖപ്പെടുത്തേണ്ടതാണ്. ഓരോ ദിവസവും ട്രെയിനികളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകൾ അതാത് ദിവസം തന്നെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതാണ്.

ഇപ്രകാരം കൈപ്പറ്റുന്ന അപേക്ഷകൾ,എസ്.എസ്.എൽ.സിയുടെ പകർപ്പ് എന്നിവ ഭാവിയിലേക്കുള്ള ആവശ്യങ്ങൾക്കായി ഓഫീസ് ഫയലിൽ തന്നെ ഭദ്രമായി സൂക്ഷിക്കേണ്ടതും അനുബന്ധം - 1 പ്രകാരം കൈപ്പറ്റുന്ന ഫോർമാറ്റും ഓൺലൈനായി അപേക്ഷകൾ രേഖപ്പെടുത്തിയതിന്റെ പ്രിന്റ് ഔട്ടും scvttradetest@gmail.com

എന്ന ഇ-മെയിൽ വിലാസത്തിൽ 11/07/2024-ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി അയച്ച് തരേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തരുതെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

Signed by
Mini Mathew
Date: 03-07-2024 15:52:18
MINI MATHEW
അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർവൊക്കേഷണൽ ട്രെയിനിംഗ്

To

എല്ലാ സർക്കാർ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക്

പകർപ്പ് :

1. ഡി.റ്റിയുടെ സി.എ/എ.ഡി.റ്റി/സ്പെഷ്യൽ ഓഫീസർ, (എസ്.റ്റി.ഐ),എസ്.ഡി.പി (എസ്.പി.ഐ.യു),
2. ജെ.ഡി.റ്റി/ ജെ.ഡി (ആർ.ജെ.ഡി.കണ്ണൂർ)ഡി.എസ്.എ, ഡി.ഡി.റ്റി,ഡി.ഡി.പി, എല്ലാഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്മാർക്കും,
3. റ്റി.റ്റി.ഒ,എല്ലാട്രെയിനിംഗ് ഓഫീസർമാർക്കും, എസ്.എസ്.(ജി), കരുതൽഫയൽ (ജി)
4. വകുപ്പ് വെബ്സൈറ്റിലേക്ക്.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/2538/2024-G3 തീയതി: 03-07-2024

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് – എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റ് ഓഗസ്റ്റ് 2024 –വാർഷിക സമ്പ്രദായം–റഗുലർ– ട്രെയിനികൾ അപേക്ഷകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

**********

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ എസ്.സി.വി.റ്റി അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ 2022-2024 ദ്വിവത്സര ട്രേഡിൽ അഡ്മിഷൻ എടുത്ത രണ്ടാം വർഷ ട്രെയിനികൾ, 2023-2024 ഏകവൽസര ട്രേഡിൽ അഡ്മിഷൻ എടുത്ത ട്രെയിനികൾ(വാർഷിക സമ്പ്രദായം) റഗുലർ പരീക്ഷകൾക്കായി നിശ്ചിത ഫോറത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.ട്രെയിനികൾ അപേക്ഷകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

<u>നിർദ്ദേശങ്ങൾ</u>

1. പരിശീലന കാലയളവിൽ 80% ഹാജർ നേടിയ ട്രെയിനികൾക്ക് മാത്രമേ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ് വിതരണം നടത്തുകയുള്ളൂ.
2.അനുബന്ധം–1 അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

3. ഇ.എം.എസ് പോർട്ടലിൽ അനുവദിച്ചിരിക്കുന്ന നിശ്ചിത സമയ പരിധിക്കുള്ളിൽ കുറഞ്ഞത് 60% Formative Assessments ഉള്ളവരും ഫീസ് സ്റ്റാറ്റസ് ഇ.എം.എസ് പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ട്രെയിനികൾക്കാണ് പരീക്ഷ എഴുതുവാൻ അർഹത ഉണ്ടായിരിക്കുക.

4.റഗുലർ പരീക്ഷകളുടെ അപേക്ഷാ ഫീസ് 110/- രൂപയാണ്. "0230-ലേബർ ആന്റ് എംപ്ലോയ്മെന്റ് – 00-800-അദർ റസീപ്റ്റ്സ് -88-അദർ ഐറ്റംസ് " എന്ന ശീർഷകത്തിൽ 110/- രൂപ ഒടുക്കിയ അസ്സൽ ചെലാൻ,അപേക്ഷയുടെ രണ്ട്

പകർപ്പുകൾ,എസ്.എസ്.എൽ.സിയുടെ പകർപ്പ് എന്നിവ സഹിതം 05/07/2024-ന് വൈകുന്നേരം 5.00 മണിയ്ക്ക് മുമ്പായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കേണ്ടതാണ്.60/- രൂപ ഫൈനോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 07/07/2024 ആണ്.

5. ഒരിക്കൽ അടച്ച ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുന്നതോ മറ്റൊരു പരീക്ഷയ്ക്ക് വകയിരുത്തുന്നതോ അല്ല. പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100 രൂപ ജാമ്യ നിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിനു മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിനു ശേഷം ബാദ്ധ്യതകൾ ഉണ്ടാക്കിയിട്ടില്ലാത്ത പക്ഷം പ്രസ്തുത ജാമ്യതുക തിരികെ നൽകുന്നതുമാണ്.ഒരു വിഷയത്തിനായാലും ആകെ വിഷയങ്ങൾക്കായാലും പരീക്ഷാ ഫീസിനത്തിൽ അടയ്ക്കേണ്ട തുകയിൽ മാറ്റമില്ല.

6. പരിശീലനം പൂർത്തിയാക്കിയ സർക്കാർ ഐ.ടി.ഐയിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. പരീക്ഷാകേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്നതോ അപൂർണ്ണമായതോ, എസ്.എസ്.എൽ.സി. യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ ഉള്ളടക്കം ചെയ്യാത്തതോ, അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതോ, ചെലാന്റെ അസ്സൽ പകർപ്പ് ഇല്ലാത്തതോ ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

7. പരീക്ഷയുടെ തീയതിയും സമയവും ബന്ധപ്പെട്ട സ്ഥാപനം/പ്രിൻസിപ്പാൾമാർ മുഖാന്തിരം ട്രെയിനികളെ അറിയിക്കുന്നതായിരിക്കും.

**ഏതെങ്കിലും വിഷയത്തിന്റെ ഉത്തരക്കടലാസ്സിൽ ട്രെയിനി സ്വന്തം റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തിയാൽ ടി വിഷയത്തിൽ ടി ട്രെയിനി ആബ്സന്റായി പരിഗണിച്ച് ഫലപ്രഖ്യാപനം നടത്തുന്നതായിരിക്കും. ഒരു കാരണവശാലും റോൾ നമ്പർ തെറ്റായി രേഖപ്പെടുത്തുന്ന ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുന്നതല്ലായെന്ന് അറിയിക്കുന്നു. ആയതിനാൽ റോൾ നമ്പറുകൾ ഉത്തരക്കടലാസ്സിൽ ശരിയായി രേഖപ്പെടുത്തുവാൻ ട്രെയിനികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

8. വിജ്ഞാപനത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃക പ്രകാരമുള്ള എ4 സൈസിലുള്ള അപേക്ഷാഫോറത്തിൽ വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്. നിശ്ചിത മാതൃകയിൽ സമർപ്പിക്കാത്ത അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും.

Signed by
Mini Mathew
Date: 03-07-2024 15:59:12

അഡിഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്
സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ്

എല്ലാ ട്രെയിനികൾക്കും (ബന്ധപ്പെട്ട പ്രിൻസിപ്പാൾ മുഖാന്തിരം)

പ്രത്യേക അറിയിപ്പ്

ടി നിർദ്ദേശങ്ങളുടെ പകർപ്പ് നോട്ടീസ് ബോർഡിൽ പതിപ്പിക്കേണ്ടതാണ്.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

# എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് ഓഗസ്റ്റ് 2024-വാർഷിക റെഗുലർ പരീക്ഷയ്ക്കുള്ള അപേക്ഷാ ഫോറം

1. പരിശീലനാർത്ഥി പരിശീലനം നേടിയ വ്യാവസായിക പരിശീലന സ്ഥാപനത്തിന്റെ പേര് :
2. ട്രേഡ് :
3. അപേക്ഷകന്റെ പേര് :
4. റോൾ നമ്പർ (S എന്ന് തുടങ്ങുക) :
5. മൊബൈൽ നമ്പർ :
6. ഇ -മെയിൽ ഐ.ഡി :
7. ആൺ/പെൺ :
8. പരിശീലന കാലയളവ് :

## സത്യപ്രസ്താവന

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും, വിശ്വാസത്തിലും ശരിയാണെന്നും, പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ആവശ്യമായ ഫീസ് അടച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ചു നൽകുന്ന പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതാൻ സമ്മതമാണ്. മാത്രമല്ല 80% ഹാജർ,മിനിമം ഫോർമേറ്റീവ് അസ്സെസ്സ്മെന്റ് മാർക്ക് 60 % ലഭിച്ചാൽ മാത്രമേ എനിക്ക് ട്രേഡ് ടെസ്റ്റ് എഴുതാൻ ഹാൾ ടിക്കറ്റ് ലഭിക്കുകയുള്ളു വെന്നും,ട്രെയിനിംഗ് ഡയറക്ടർ അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് സമയ ബന്ധിതമായി എന്റെ ഇ.എം.എസ് പോർട്ടൽ പേജിലെ യോഗ്യതകൾ എല്ലാം ഉറപ്പാക്കിയാൽ മാത്രമേ എനിക്ക് പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ എന്നുമുള്ള ഉത്തമബോധ്യം എനിക്കുണ്ടെന്നും അറിയിക്കുന്നു.

അപേക്ഷകന്റെ പേര്:

ഒപ്പ് :

## പ്രിൻസിപ്പാളിന്റെ പരിശോധന റിപ്പോർട്ട്

1. ഫീസ് ഒടുക്കുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ

a) ചെലാൻ നമ്പറും തീയതിയും :

b) ട്രഷറിയുടെ പേര് :

c) തുക :

മേൽപ്പറഞ്ഞ അപേക്ഷയിലെ വിശദാംശങ്ങൾ ഓഫീസ് രേഖകൾ പ്രകാരം ശരിയാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. പരിശീലന പൂർത്തീകരണ രജിസ്റ്ററിൽ ടിയാന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെന്നും, SCVT അഫിലിയേറ്റഡ് യൂണിറ്റിൽ നിന്നും ആവശ്യമായ പരിശീലനം, പരിശീലന കാലയളവിൽ ടിയാൻ/ടിയാൾ നേടിയിട്ടുണ്ടെന്നും ഞാൻ അറിയിക്കുന്നു.ആയതിനാൽ ടിയാനെ/ടിയാളെ 2024 ഓഗസ്റ്റ് മാസത്തിൽ നടക്കുന്ന SCVT ട്രേഡ് ടെസ്റ്റിൽ പങ്കെടുപ്പിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നതിനോടൊപ്പം ടിയാന്റെ/ടിയാളുടെ സ്വഭാവം ---------ആണെന്നും പ്രസ്താവിക്കുന്നു.

പ്രിൻസിപ്പാളിന്റെ ഒപ്പ്:

ഔദ്യോഗിക മേൽവിലാസം:

സ്ഥലം :

തീയതി :

(ഓഫീസ് മുദ്ര)